**പതിനാറാം കേരള നിയമസഭ**

**ഒന്നാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 364** **23-06-2026-ൽ മറുപടിയ്ക്ക്**

**ഓപ്പറേഷൻ ഡി-ഹണ്ട്** 

**ചോദ്യം ഉന്നയിച്ച അംഗങ്ങൾ** **മറുപടി നൽകിയ മന്ത്രി**

ശ്രീ. നജീബ് കാന്തപുരം

ശ്രീ. രമേശ് ചെന്നിത്തല
(ആഭ്യന്തര- വിജിലൻസ്, കയർ വകുപ്പ് മന്ത്രി)

**(എ)** ഓപ്പറേഷൻ ഡി-ഹണ്ട് കേവലം ഒരു പോലീസ് ഡ്രൈവ് എന്നതിനപ്പുറം എക്സൈസ്, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ആരോഗ്യം എന്നീ വകുപ്പുകളെ കൂട്ടിയോജിപ്പിച്ച് നടപ്പിലാക്കുന്ന ഒരു സംയുക്ത ദൗത്യമാണെന്നിരിക്കെ, ഇതിന്റെ സുഗമമായ നടത്തിപ്പിനായി സ്വീകരിച്ചിട്ടുള്ള നയപരമായ ഏകോപനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

**മറുപടി:** വിവിധ വകുപ്പുകളുടെ ഏകോപിത പ്രവർത്തനത്തിലൂടെ ലഹരിക്കെതിരായ പോരാട്ടത്തെ ജനകീയ മുന്നേറ്റമാക്കി മാറ്റുകയും ലഹരിവിമുക്തവും സുരക്ഷിതവുമായ കേരളം സൃഷ്ടിക്കുന്നതിനുള്ള ശ്രമങ്ങൾ ശക്തിപ്പെടുത്തുകയും ചെയ്യുന്നതാണ് ഓപ്പറേഷൻ ഡി-ഹണ്ടിന്റെ പ്രധാന ലക്ഷ്യം. ഓപ്പറേഷൻ ഡി-ഹണ്ട് പദ്ധതിയുടെ ഫലപ്രദമായ നടത്തിപ്പിനായി പോലീസ് വകുപ്പിനൊപ്പം എക്സൈസ്, വിദ്യാഭ്യാസം, തദ്ദേശ സ്വയംഭരണം, ആരോഗ്യം, സാമൂഹ്യനീതി, വനിതാ-ശിശു വികസനം തുടങ്ങിയ വകുപ്പുകളുടെ സജീവ പങ്കാളിത്തം ഉറപ്പാക്കിയിട്ടുണ്ട്. എക്സൈസ് വകുപ്പുമായി ചേർന്ന് ലഹരിക്കടത്ത് തടയുന്നതിനുള്ള സംയുക്ത പരിശോധനകൾ ശക്തിപ്പെടുത്തിയിട്ടുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ബോധവത്കരണവും കൗൺസിലിംഗ് പരിപാടികളും സംഘടിപ്പിക്കുന്നതിനോടൊപ്പം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ജനകീയ പങ്കാളിത്തം ഉറപ്പാക്കുന്ന പ്രവർത്തനങ്ങളും നടപ്പിലാക്കുന്നു. ആരോഗ്യ വകുപ്പിന്റെ പിന്തുണയോടെ ചികിത്സ, ഡി-അഡിക്ഷൻ, പുനരധിവാസ സേവനങ്ങളും ലഭ്യമാക്കുന്നു.

**(ബി)** വിദ്യാലയങ്ങളും കോളേജുകളും കേന്ദ്രീകരിച്ച് വിദ്യാർത്ഥികളെ ലഹരിവിരുദ്ധ പ്രചാരകരാക്കി മാറ്റുന്നതിനായി പൊതുവിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് രൂപീകരിച്ച ഡി-ഹണ്ട് വാരിയേഴ്സ് പദ്ധതിയുടെ ഘടനയും ലക്ഷ്യങ്ങളും എന്തെല്ലാമാണെന്ന് അറിയിക്കാമോ;

**മറുപടി:** ഓപ്പറേഷൻ ഡി-ഹണ്ടിന്റെ ഭാഗമായി ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങൾ സമൂഹത്തിന്റെ എല്ലാ തലങ്ങളിലേക്കും വ്യാപിപ്പിക്കുന്നതിനായി "ഡി-ഹണ്ട് വോറിയേഴ്സ്" എന്ന ജനകീയ ശൃംഖല രൂപീകരിക്കുന്നുണ്ട്. വിദ്യാർത്ഥികൾ, യുവജന സംഘടനാ പ്രവർത്തകർ, സന്നദ്ധ പ്രവർത്തകർ, അധ്യാപകർ, കുടുംബശ്രീ പ്രവർത്തകർ, റസിഡന്റ്സ് അസോസിയേഷൻ അംഗങ്ങൾ, സാംസ്കാരിക-സാമൂഹിക രംഗത്തെ പ്രമുഖർ, കായികതാരങ്ങൾ, കലാകാരൻമാർ തുടങ്ങിയവരെ ഡി-ഹണ്ട് വോറിയർമാരായി ഉൾപ്പെടുത്താനാണ് ഉദ്ദേശിക്കുന്നത്. ലഹരിവിരുദ്ധ പ്രചാരണത്തിന്റെ ഭാഗമായി സമൂഹത്തിൽ വലിയ സ്വാധീനമുള്ള വ്യക്തികളെയും ഈ പദ്ധതിയുമായി സഹകരിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

തൂഫാൻ വോറിയർമാരുടെ പ്രധാന ചുമതലകൾ:

1. ലഹരിവിരുദ്ധ ബോധവത്കരണ പ്രവർത്തനങ്ങളിൽ പങ്കാളികളാകുക.

2. യുവജനങ്ങൾക്കിടയിൽ ലഹരിയുടെ ദൂഷ്യ ഫലങ്ങളെക്കുറിച്ച് അവബോധം സൃഷ്ടിക്കുക.

3. ലഹരി ഉപയോഗത്തെയും വിൽപ്പനയെയും സംബന്ധിച്ച വിവരങ്ങൾ ബന്ധപ്പെട്ട അധികാരികളെ അറിയിക്കുന്നതിന് പൊതുജനങ്ങളെ പ്രോത്സാഹിപ്പിക്കുക.

4. വിദ്യാലയങ്ങൾ, കോളേജുകൾ, റസിഡൻഷ്യൽ മേഖലകൾ എന്നിവിടങ്ങളിൽ ബോധവത്കരണ പ്രവർത്തനങ്ങൾ സംഘടിപ്പിക്കുക.

5. ലഹരി ഉപയോഗത്തിൽ നിന്ന് മോചനം നേടുന്നതിനുള്ള കൗൺസിലിംഗ്, പുനരധിവാസ പ്രവർത്തനങ്ങൾക്ക് പിന്തുണ നൽകുക.

6. ലഹരിമുക്ത കേരളം എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ജനകീയ മുന്നേറ്റത്തിന്റെ ഭാഗമായി പ്രവർത്തിക്കുക.

**(സി)** ലഹരിക്ക് അടിമപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ മെഡിക്കൽ കോളേജുകൾ മുതൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ വരെയുള്ളവ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന തൂഫാൻ കെയർ പദ്ധതിയുടെ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

**മറുപടി:** ലഹരിക്ക് അടിമപ്പെട്ടവരെ കണ്ടെത്തി ചികിത്സയും തുടർ പരിചരണവും നൽകി സമൂഹത്തിലേക്ക് തിരിച്ചെത്തിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന ഇടപെടലാണ് തൂഫാൻ കെയർ (Toofan Care) പദ്ധതി. മെഡിക്കൽ കോളേജുകൾ മുതൽ പ്രൈമറി ഹെൽത്ത് സെന്ററുകൾ (PHC) വരെയുള്ള ആരോഗ്യ സംവിധാനങ്ങളെ ഇതിൽ ബന്ധിപ്പിക്കുന്നു. ആശുപത്രികൾ, ആരോഗ്യ കേന്ദ്രങ്ങൾ, പോലീസ്/സാമൂഹിക ഇടപെടലുകൾ എന്നിവ വഴി ലഹരി ഉപയോഗ പ്രശ്നമുള്ളവരെ കണ്ടെത്തുകയും ആവശ്യമായവരെ വിദഗ്ധ ചികിത്സാ കേന്ദ്രങ്ങളിലേക്ക് എത്തിക്കുകയുമാണ് ഇതിന്റെ ലക്ഷ്യം. കുടുംബാംഗങ്ങൾക്ക് രോഗിയെ പിന്തുണയ്ക്കാനുള്ള മാർഗങ്ങൾ പരിശീലിപ്പിക്കലും തുടർനിരീക്ഷണത്തിലൂടെ ചികിത്സ കഴിഞ്ഞവരെ PHC തലത്തിൽ വരെ ആരോഗ്യ പ്രവർത്തകർ നിരീക്ഷിക്കുകയും ചെയ്യുന്നു. വീണ്ടും ലഹരിയിലേക്ക് മടങ്ങുന്നത് തടയാനും വ്യക്തിയെ കുടുംബത്തിലേക്കും സമൂഹത്തിലേക്കും തിരിച്ചുകൊണ്ടുവരാനും ഈ പദ്ധതി വിഭാവനം ചെയ്യുന്നു.

**(ഡി)** ലഹരി വസ്തുക്കൾ കടത്തുന്നവരുടെ വസ്തുവകകളും വാഹനങ്ങളും കണ്ടുകെട്ടുന്നതിനും ഈ ദൗത്യത്തിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതിനും ആഭ്യന്തര വകുപ്പ് നൽകിയിട്ടുള്ള പ്രത്യേക നിർദ്ദേശങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

**മറുപടി:** ലഹരി മരുന്ന് കടത്തി പിടിക്കപ്പെടുന്നവരുടെ സ്വത്ത് വകകൾ കണ്ടുകെട്ടുന്നതിനായി 68 F of NDPS Act പ്രകാരം നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. ഇത്തരം ദൗത്യത്തിൽ അനാസ്ഥ കാണിക്കുന്ന ഉദ്യോഗസ്ഥർക്കെതിരെ വകുപ്പ് തലത്തിലുള്ള കർശന നടപടികൾ സ്വീകരിക്കുന്നതാണ്.

**സെക്ഷൻ ഓഫീസർ**